(ബി) ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, അദ്ധ്യാപകർ, അംഗീകൃത ഗവേഷണ സ്ഥാപനങ്ങളുടെ പ്രതിനിധി, അംഗീകൃത കൾച്ചറൽ അസോസിയേഷനുകളുടെ പ്രതിനിധി, ചേംബേഴ്സ് ഓഫ് കൊമേഴ്സിന്റെ പ്രതിനിധി, ഇൻഡസ്ട്രീസിന്റെ പ്രതിനിധി, എഴുത്തുകാരുടെ പ്രതിനിധി, ജേർണലിസ്റ്റുകളുടെ പ്രതിനിധി, വക്കീലന്മാരുടെ പ്രതിനിധി, സ്പോർട്സ് പ്രതിനിധി, ഭാഷാന്യൂനപക്ഷ പ്രതിനിധി, ഹ്യൂമാനിറ്റീസ്, സയൻസ്, സ്പോർട്ട്സ്, ഫൈൻ ആർട്സ് മേഖലകളിലെ വിദ്യാർത്ഥിപ്രതിനിധികൾ എന്നിവരെയാണ് നോമിനേറ്റ് ചെയ്തിട്ടുള്ളത്.

(സി) ശ്രീ. കെ. എൻ. ബാലഗോപാൽ

(ഡി&ഇ) അതാതുമേഖലകളിൽ നിന്നും അർഹതയുള്ളവരെ നോമിനേറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണാധികാരം ചാൻസിലറിൽ നിക്ഷിപ്തമാണ്.

കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് ചാൻസലർ നോമിനേറ്റ് ചെയ്യപ്പെടുന്നവർ

89 (2069) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 17 (അദർ മെമ്പേഴ്സ്) അനുസരിച്ച് സെനറ്റിലേക്ക് ചാൻസലർ നോമിനേഷൻ നടത്തിയിട്ടുണ്ടോ ;

(ബി) ഭാഷാ ന്യൂനപക്ഷ വിഭാഗത്തിലേക്ക് ആരെയാണ് നോമിനേറ്റ് ചെയ്തിരിക്കുന്നത് ;

(സി) അദ്ദേഹം ഏത് ന്യൂനപക്ഷ ഭാഷയുടെ പ്രതിനിധിയാണ് ;

(ഡി) ന്യൂനപക്ഷ ഭാഷാപ്രതിനിധി അല്ലായെങ്കിൽ യഥാർത്ഥ ന്യൂനപക്ഷ ഭാഷാപ്രതിനിധിയെ നോമിനേറ്റ് ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എസ്. രംഗനാഥൻ

(സി&ഡി) നോമിനേഷൻ നടത്തുന്നതിനുള്ള പൂർണ്ണ അധികാരം ചാൻസിലറിൽ നിക്ഷിപ്തമാണ്. അതാതു മേഖലകളിൽ അർഹതപ്പെട്ടവരെ ചാൻസലർ സെനറ്റിലേക്ക് നോമിനേറ്റ് ചെയ്യുന്നു.

കേരള യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ സിൻഡിക്കേറ്റിലെ അംഗങ്ങളായിരുന്ന അദ്ധ്യാപക പ്രതിനിധികളുടെ റ്റി.എ.

90 (2070) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളാ യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ സിൻഡിക്കേറ്റിലെ അംഗങ്ങളായിരുന്ന ഏതെങ്കിലും അദ്ധ്യാപക പ്രതിനിധികൾ രാവിലെ 8.30-ന് ചേരുന്ന സെനറ്റ് യോഗത്തിൽ പങ്കെടുക്കുന്നതിന് അവരവരുടെ സ്ഥാപനങ്ങളിൽ നിന്നും വരുന്നതായി കാണിച്ച് ടി.എ. വാങ്ങിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവർ ആരെല്ലാമാണ് ;

(സി) അവർ ഏതെല്ലാം സ്ഥാനപങ്ങളിലാണ് ജോലി ചെയ്തിരുന്നത് ; അവരുടെ വീട്ടഡ്രസ് വെളിപ്പെടുത്തുമോ ;

(ഡി) യൂണിവേഴ്സിറ്റിയെ തെറ്റിദ്ധരിപ്പിച്ച് ആനുകൂല്യങ്ങൾ നേടിയിട്ടുണ്ടെങ്കിൽ അവ തിരിച്ചുപിടിക്കുന്നതിനും അവർക്കെതിരെ നടപടി എടുക്കുന്നതിനും വേണ്ടത് ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രൊഫ. റ്റി. എൻ. രാമൻപിള്ള, പ്രൊഫ. കെ. മാധവൻ നായർ, പ്രൊഫ. എൻ. രാമചന്ദ്രൻ എന്നിവരാണ് അദ്ധ്യാപക പ്രതിനിധികൾ, അവർ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങൾ യഥാക്രമം വി.ടി.എം.എൻ.എസ്.എസ്. കോളേജ് ധനുവച്ചപുരം, ഗവൺമെന്റ് കോളേജ് കോട്ടയം, ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട എന്നിവയാണ്. അവരുടെ വീട്ടഡ്രസ്സ് സർവകലാശാലയിൽ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) സർവകലാശാലയെ തെറ്റിദ്ധരിപ്പിച്ച് ആനുകൂല്യങ്ങൾ നേടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട്. അദ്ധ്യാപക പ്രതിനിധികൾക്ക് സർവകലാശാലയിലെ യോഗങ്ങളിൽ സംബന്ധിക്കുമ്പോൾ അവർ പ്രവൃത്തിയെടുക്കുന്ന കോളേജുകളും യോഗസ്ഥലങ്ങളുമായുള്ള അകലം കണക്കാക്കി ടി.എ. വാങ്ങാൻ അവകാശമുണ്ട് എന്ന് സർവകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

യു.ജി.സി. പാക്കേജിന്റെ വിശദാംശം

91 (2071) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. പാക്കേജിന്റെ വിശദാംശം നൽകാമോ ;

(ബി) കേരളത്തിൽ ഇതു സംബന്ധിച്ച 18-2-2000-ലെ ഉത്തരവ് നടപ്പിലാക്കിയാൽ യു.ജി.സി. പദ്ധതി പൂർണ്ണമായും പ്രാബല്യത്തിൽ വരും എന്ന് സർക്കാർ കരുതുന്നുണ്ടോ ;

(സി) ബന്ദുകൾ, സമരം, ഹർത്താലുകൾ, കളക്ടർ, പ്രിൻസിപ്പൾ തുടങ്ങിയവർ പ്രഖ്യാപിക്കുന്ന ഒഴിവുദിവസങ്ങളും പുതിയ ഉത്തരവനുസരിച്ച് സാദ്ധ്യായ ദിവസങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly